# ലൂർദ്ദ് മാതാവിനോടുള്ള നൊവേന

### പ്രാരംഭ ഗാനം

(നിത്യവിശുദ്ധയാം കന്യാമറിയമേ നിൻ നാമം.)

സത്യ പ്രകാശത്തിൻ ദീപം തെളിച്ചോരു
പുണ്യനിധിയായ ധന്യേ
നിൻ പാദതാരിലീ പാപികള് കേഴുന്നു
കനിവാർന്ന് നിന് ദയ തൂകൂ
എന്നും കനിവാർന്ന് നിന് ദയ തൂകൂ
പാപത്തിൻ തീരാത്ത ഭാരം ചുമന്നിതാ
പാപികൾ നിന് മുൻപില് നിൽപ്പൂ
തൃക്കൺതുറന്നു നിന് കാരുണ്യം തൂകിടാന്
നിൻ ദയ തൂകിടൂ നാഥേ
നീലാംബരത്തിന്റെ പൊന്നാഭ ചാർത്തുന്ന
നിർമ്മല വരദാന റാണി
ദാഹജലം തേടി, തീർത്ഥജലം തേടി
എത്തി നിൻ മക്കള് ലൂർദ്ദില്
എന്നും എത്തി നിൻ മക്കള് ലൂർദ്ദില്

### പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂ:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളില് ദൈവത്തിന് സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (സമൂഹവും കൂടി)......

### മധ്യസ്ഥപ്രാർത്ഥന

**കാർമ്മി:** അനാഥ കാരുണ്യവാനും അനുഗ്രഹദാതാവുമായ ദൈവമേ നിന്റെ കൃപയാല് മനുഷ്യവർഗ്ഗത്തെ സൃഷ്ടിക്കുകയും നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി മനുഷ്യവർഗ്ഗത്തിന്റെ പരിത്രാണകർമ്മം പൂർത്തിയാക്കുവാന് നീ തിരുമനസ്സാവുകയും ചെയ്തല്ലോ.ആ പുത്രനെ ഞങ്ങൾക്ക്

നല്കുകയും ഞങ്ങളുടെ സംരക്ഷകയും സഹായിയുമായി പരിശുദ്ധ കന്യാമറിയത്തെ തിരഞ്ഞെടുക്കുകയും ചെയ്ത നിന്റെ അനന്തമായ കാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു.ഞങ്ങളുടെ അഭയവും തുണയുമായ മറിയം വഴി ഞങ്ങൾ സമർപ്പിക്കുന്ന യാചനകേട്ട തന്റെ പുത്രനായ ഈശോയിൽ ഞങ്ങൾക്ക് സഹായമരുളണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

## നമുക്ക് പ്രാർത്ഥിക്കാം

**കാർമ്മി:** സനാതന പ്രകാശവും(എല്ലാവരും ചേർന്ന്)മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയുമായ മിശിഹായുടെ വത്സല മാതാവേ ഇതാ അങ്ങയുടെ മക്കൾ ഒന്നുചെർന്നു കണ്ണുനീരില് കുതിർന്ന ജീവിതഭാരം കൈകുമ്പിളിലെന്തി നിന്റെ കണ്മുമ്പില് നില്ക്കുന്നു,ലൂർദിലും ഫാത്തിമായിലും നിന്റെ വിശ്വസ്ത ദാസർക്ക് പ്രത്യക്ഷപ്പെട്ട വരമരുളിയ അങ്ങ് നിന്റെ വത്സല മക്കളായ ഞങ്ങളിലും നിന്റെ അനുഗ്രഹത്തിന്റെ വരനിര ചൊരിയട്ടെ,ഞങ്ങളുടെ അനർത്ഥനകള് നിരസിക്കാതെ ഞങ്ങളെ നിരന്തരം കാത്തുകൊള്ളണമേ,ഈ യാചനകളെല്ലാം നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി ഞങ്ങളി ഫലദായകമാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു,ആമ്മേൻ.

## സങ്കീർത്തനം-23

**കാർമ്മി:** കർത്താവാണെന്റെ ഇടയന് എനിക്കോന്നിനും കുറവുണ്ടാകുകയില്ല

**സമൂ:** പച്ചയായ പുൽത്തകിടിയില് അവിടുന്നെനിക്ക് വിശ്രമമരുളുന്നു.പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു.

**കാർമ്മി:** അവിടുന്ന് എനിക്കു ഉന്മേഷം നല്കുന്നു;തന്റെ നാമത്തെ പ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു.

**സമൂ:** മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിൽക്കൂടിയാണ് ഞാന് നടക്കുന്നതെങ്കിലും,അവിടുന്ന് എന്റെ കൂടെയുള്ളതിനാൽ ഞാൻഭയപ്പെടുകയില്ല;

**കാർമ്മി:** അങ്ങയുടെ ഊന്നുവടിയും ദണ്ഡുമ് എനിക്കുറപ്പേകുന്നു;എന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു.

**സമൂ:** എന്റെ ശിരസ് തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു;എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

**കാർമ്മി:** അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും;കർത്താവിന്റെ ആലയത്തിൽ ഞാന് എന്നേക്കും വസിക്കും.

**കാർമ്മി:** തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മാതാവും സംരക്ഷകയുമായ അമ്മേ,ഞങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകള് നീ കേട്ടരുളണമേ.ഞങ്ങളുടെ വാഗ്ദാനഭൂമിയായ സ്വർഗ്ഗീയ ജറുസലേമിലേക്ക് ഞങ്ങളെ നയിക്കുകയും ഞങ്ങൾഡ്കു വഴികാട്ടിയും മാർഗ്ഗദീപവുമായിഞങ്ങളില് നിരന്തരം വസിക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ;

## ഗാനം

വാനിലെ താരകൾ പാടുകയായ്
വാനവരാണിതൻ സ്തുതിഗീതം
തന്ത്രികൾ മീട്ടുകയായ് പാടുക സ്തുതിഗീതം
പ്രശാന്ത മേഘവിതാനങ്ങൾ
പ്രഭതൻ കതിര് ചൂടി
താരാമലരുകൾ പൊന്മുടി ശിരസ്സില്
നറുതേൻ കനിച്ചൂടി,പൂന്തേനിതൾ ചൂടി
നിത്യം പൂന്തേനിതൾ ചൂടി
അമ്മേ,നിൻ തിരുസന്നിധി പൂകാന്
ഹൃദയം കേഴുന്നു.
അവിടുത്തെ തിരുമുമ്പില് നില്ക്കും
മെഴുതിരിപ്പൂവുകളായ്
മെഴുതിരിപ്പൂവുകളായ്
ഞങ്ങൾ മെഴുതിരിപ്പൂവുകളായ്

## പ്രാർത്ഥന (രോഗികൾക്ക്)

**കാർമ്മി:** അന്ധന് കാഴ്ചയും(എല്ലാവരും ചേർന്ന്)ചെകിടനു കേൾവിയും രോഗികൾക്ക് സൌഖ്യവും അശരണർക്കും ആലംബഹീനർക്കും ആശ്വാസവും,പകർന്നു കൊടുത്ത ഈശോയേ രോഗികളായി കഴിയുന്ന സർവ്വരെയും അങ്ങ് കടാക്ഷിക്കണമേ,സജീവ ദൈവത്തിന്റെ പുത്രനായ ഈശോയേ നിന്റെ ജീവന്റെ വചസ്സുകൾ അവരുടെ കഠിന വേദനകളെ അകറ്റുന്ന ദിവ്യ ഔഷധമായി അനുഭവപ്പെടട്ടെ.ലാസറിന്റെ കല്ലറയിൽ കണ്ണുനീര് തൂകിയ സ്നേഹനിധിയായ നല്ലയിടയാ,നിന്റെ സ്നേഹത്തിന്റെ കണ്ണുകള് നിന്റെ വത്സലമക്കളുടെ മേലും തിരിക്കണമേ,അങ്ങയുടെ സാദൃശ്യത്തിൽ അങ്ങ് സൃഷ്ടിക്കുകയും അവിടുത്തെ അരൂപിയാൽ ധന്യമാക്കുകയും ചെയ്ത ഞങ്ങളുടെ ആത്മാക്കൾക്ക് ശക്തിയും ജീവനും നൽകണമേ.രക്ഷകനായ ദൈവമേ,അവിടുത്തെ മാതാവായ മറിയം വഴി ലൂർദിലെ അത്ഭുത രോഗശാന്തി ഇവിടെയും ഫലമണിയുവാൻ നീ ഇടയാക്കണമേ.ഇനിയും സഹിക്കുവാനാണ് നിന്റെ തീരുമാനസെങ്കിൽ എല്ലാം ദൈവത്തിരുമനസ്സിന് വിധേയമാക്കികൊണ്ടു ജീവിക്കുവാൻ ഞങ്ങളെ നീ അനുഗ്രഹിക്കണമേ.ഈ യാചനകളെല്ലാം ഞങ്ങളുടെ നാഥയും സംരക്ഷകയുമായ പരി.മറിയം വഴി സാധിച്ചുതരണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.ആമ്മേൻ.

## രോഗികൾക്ക് ആശീർവാദം

**കാർമ്മി:** നിങ്ങളെ സംരക്ഷിക്കുവാൻ നമ്മുടെ കർത്താവിശോമിശിഹാ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ,നിങ്ങളെ പരിപാലിക്കാൻ അവിടുന്ന് നിങ്ങളില് വസിക്കട്ടെ,കനിവിന്റെ വലംകൈ നീട്ടി അവിടുന്ന് നിങ്ങളെ എല്ലാ രോഗങ്ങളിൽനിന്നും സുഖപ്പെടുത്തട്ടെ,പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

## കാറോസൂസ

**ശുശ്രൂ:**നമുക്കെല്ലാവർക്കും ഭക്തിയോടും പ്രതീക്ഷയോടും കൂടെനിന്നു കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നു അപേക്ഷിക്കാം.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** ഞങ്ങളുടെ മാതൃരാജ്യത്തെയും അതിന്റെ ഭരണാധിപന്മാരെയും വിവേകവും വിജ്ഞാനവും നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** ഞങ്ങളുടെ കുടുംബങ്ങളിൽ ശാന്തിയും സമാധാനവും കളിയാടുവാനും യുവതി യുവാക്കൻമാര് വിശുദ്ധരായി ജീവിക്കുവാനും,ഞങ്ങൾ പരസ്പരസ്നേഹചൈതന്യത്തിൽ വളരുവാനും വേണ്ട വരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** നല്ല കാലാവസ്ഥയും സമൃദ്ധമായ ധാന്യവിളകളും നല്കി ഞങ്ങളുടെ നാടിനെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** തൊഴിലില്ലായ്മയും പട്ടിണിയും മൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്ക് ജീവിതമാർഗ്ഗവും സന്തുഷ്ടിയും നല്കി അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** പാപത്തിലും പാപസാഹചര്യങ്ങളിലും നിന്റെ മക്കളെ മാനസാന്തരപ്പെടുത്തി കൗദാശികജീവിതം നയിക്കുവാൻ പ്രരിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** ഞങ്ങളുമായി ദൈനദിനജീവിതത്തിൽ ബന്ധപ്പെടുന്ന മറ്റ് അക്രൈസ്തവ സഹോദരരേയും സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

**ശുശ്രൂ:** പാപത്തെക്കുറിച്ച് പശ്ചാത്തപിക്കണമെന്നും ലോകരക്ഷക്കായി പ്രാർത്ഥിക്കണമെന്നും,കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും സഭയുടെ സംരക്ഷണത്തിനുമായി ജപമാല ചൊല്ലണമെന്നുംആവശ്യപ്പെട്ട മാതാവിന്റെ മാദ്ധ്യസ്ഥതയാൽ പാപത്തെക്കുറിച്ചുള്ള മനസ്താപവും പ്രാർത്ഥനയിലുള്ള താല്പര്യവും ഞങ്ങളിൽ വർദ്ധിപ്പിക്കണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ അമ്മയായ പരി.കന്യകാമറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

## വ്യക്തിപരമായ ആവശ്യങ്ങൾക്കായിട്ടുള്ള പ്രാർത്ഥന

**കാർമ്മി:** എല്ലാ നൻമകളുടെയും ദാതാവായ ദൈവമേ(എല്ലാവരും ചേർന്ന്)ഞങ്ങളുടെ ഹൃദയവിചാരങ്ങൾക്കുടി അറിയുന്ന അങ്ങ് ഞങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങളെ നന്നായി മനസ്സിലാക്കുന്നവല്ലോ.ഞങ്ങൾ താഴയോടുകൂടി അപേക്ഷിക്കുന്നതും പ്രത്യേകമായി ആഗ്രഹിക്കുന്നതുമായ(ആവശ്യം പറയുക)നിന്റെ അനന്ത കൃപയാൽ ഞങ്ങളുടെ മധ്യസ്ഥയായ ലൂർദ് മാതാവുവഴി നീ സാധിച്ചുതരണമേ.ഞങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ പോലും അറിയുന്ന അങ്ങ് ഞങ്ങളെ കൈവിടരുതേ,മാതൃകാപരമായ ഉത്തമജീവിതത്തിലൂടെ ഞങ്ങൾ അങ്ങയെ പൂർണ്ണമായി അനുകരിക്കുകയും തീർത്ഥാടകരായ ഞങ്ങളുടെ കടമകൾ നിറവേറ്റുവാന് ഞങ്ങള് പരിശ്രമിക്കുകയും ചെയ്യും.കരുണാർദ്രയായ അമ്മേ അങ്ങ് ഞങ്ങളുടെ പ്രതീക്ഷയും പ്രത്യാശയുമാകുന്നു.ആപത്തുകളിൽ സഹായവും അഭയവുമായ അങ്ങ് ഞങ്ങളുടെ പ്രാർത്ഥനകള് ശ്രവിച്ച് ക്രിസ്തുവിലൂടെ ഞങ്ങളെ അനുഗ്രഹിക്കണമേ,ആമ്മേൻ.

**കാർമ്മി:** കനിവുള്ള അമ്മേ ഞങ്ങളുടെ സ്ഭാധികാരികളെ അനുഗ്രഹിക്കണമേ.സാർവ്വത്രികസഭയുടെ തലവനായ റോമായിലെ മാർ(പേര്)പാപ്പായെയും,ഞങ്ങളുടെ രൂപതാ അധിപനായ മാർ(പേര്)മെത്രാനെയും മറ്റ് മെത്രാൻമാരെയും ഭരാനാധിപന്മാരെയും നീ അനുഗ്രഹിക്കണമേ.കത്തോലിക്കാസഭയിൽ നിന്നു വേർപ്പെട്ടുപോയ മറ്റ് ക്രൈസ്തവ സഹോദരങ്ങളെയും വി.കുർബാനയില് ഐക്യപ്പെടുത്തുവാന് അമ്മേ നീ ഇടയാക്കണമേ,അങ്ങനെ എല്ലാവരും ഒന്നുചേരുവാനും നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ശരീരമാകുന്ന സഭയുടെ വളർച്ചക്കും നിലനിൽപ്പിനും വേണ്ടി യത്നിക്കുന്ന ധീരയോദ്ധാക്കളായി ജീവിക്കുവാനും ഇടയാക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സാർവ്വത്രികസഭയ്ക്കും ഭരണാധിപൻമാർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.
1സ്വർഗ്ഗ,1നന്മ,1ത്രി.

### (ലൂർദ് മാതാവിന് സ്വയം സമർപ്പിച്ചുകൊണ്ടു മൗനപ്രാർത്ഥന ചൊല്ലുന്നു)

എത്രയും ദയയുള്ള മാതാവേ.....(എല്ലാവരും ചേർന്ന് ചൊല്ലുന്നു.)

**കാർമ്മി:** പരി.അമ്മയുടെ അമലോത്ഭവ ഹൃദയത്തിന് നമ്മെ സമർപ്പിച്ചു പ്രാർത്ഥിക്കാം.(എല്ലാവരും ചേർന്ന്)എട്ടാം മഹത്വമുള്ള കന്യകയും കരുണയുടെ മാതാവും സ്വർഗ്ഗത്തിന്റെ രാജ്ഞിയും പാപികളുടെ സങ്കേതവുമായ പരി.മറിയമേ ഞങ്ങൾ അങ്ങയുടെ വിമലഹൃദയത്തിന്ഞങ്ങളെത്തന്നേ പ്രതിഷ്ഠിക്കുന്നു.ഞങ്ങളുടെ ജീവനെത്തന്നെയും ജീവിതത്തെമുഴുവനായും ഞങ്ങൾക്കുള്ളതെല്ലാം ഞങ്ങളിഷ്ടപ്പെടുന്നതെല്ലാം ഞങ്ങൾ എന്തായിരിക്കുന്നുവോ അതെല്ലാം ഞങ്ങള് അങ്ങേക്ക് പ്രതിഷ്ഠിക്കുന്നു.അങ്ങേക്ക് ഞങ്ങൾ ഞങ്ങളുടെ കുടുംബങ്ങളെയും ഞങ്ങളുടെ രാജ്യത്തെയും നല്കുന്നു.ഞങ്ങളുടെ അന്തരംഗങ്ങളിലുള്ളതെല്ലാം ഞങ്ങളുടെ പരിസരങ്ങളിലുള്ളതെല്ലാം അങ്ങയുടെതാകണമെന്നും,അങ്ങയുടെ മാതൃവാത്സല്യത്തിന്റെ പരിലാളനക്കു ഞങ്ങൾ പങ്കാളികലകണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.ഈ പ്രതിഷ്ഠാജപം തീർച്ചയായും ഭലമണിയുന്നതിനും നിലനിക്കുന്നതിനും ഇന്നേ ദിവസം ഞങ്ങള് അങ്ങയുടെ തൃപ്പാദങ്ങളില് ഞങ്ങളുടെ ജ്ഞാനസ്നാനത്തിന്റെയും ആദ്യകുർബാനസ്വീകരണത്തിന്റെയും വാഗ്ദാനങ്ങള് നവീകരിക്കുന്നു.സുധീരം എന്നും പരിവാപനമായ ഞങ്ങളുടെ വിശ്വാസസത്യങ്ങൾക്കനുസൃതമായും മാർപ്പാപ്പയുടെയും അദ്ദേഹത്തോട് വിധേയരായ മെത്രാൻമാരുടെയും എല്ലാ നിർദേശങ്ങളോടും അനുസരണമുള്ളവരായ കത്തോലിക്കർക്ക് ചേർന്നപോലെയും ജീവിച്ചുകൊള്ളമെന്ന് ഞങ്ങള് പ്രതിജ്ഞ ചെയ്യുന്നു.ദൈവത്തിന്റെയും അവിടുത്തെ തിരുസഭയുടെയും നിയമങ്ങൾ പാലിക്കുമെന്നും പ്രത്യേകിച്ച് കർത്താവിന്റെ ദിനം പർവാപ്പണമായി

ആചരിക്കുമെന്നും ഞങ്ങള് പ്രതിജ്ഞ ചെയ്യുന്നു.അതുവഴി ഞങ്ങളുടെ സ്വന്തഹൃദയങ്ങളിലും എല്ലാ മനുഷ്യരുടെ ഹൃദയങ്ങളിലും ഞാങ്ഗ്ളുടെ രാജ്യത്തും ലോകം മുഴുവനിലും സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമായിത്തീരട്ടെ.ആമ്മേൻ.

## സമാപന പ്രാർത്ഥന

**കാർമ്മി:** സ്വർഗ്ഗവാസികളുടെയും ഭൂവാസികളുടെയും നാഥയായ പരി.കന്യാമറിയമേ നിന്റെസന്നിധിയിൽ അഭയം തേടിയ പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ,ഉത്തമ കത്തോലിക്കാ ജീവിതം നയിക്കുവാനും ക്രിസ്തുവിന് സാക്ഷ്യംവഹിച്ചുകൊണ്ട് സുവിശേഷതത്വങ്ങൾ ജീവിതത്തില് പ്രാവർത്തികമാക്കുന്നതിനും ഈ പ്രാർത്ഥന ഞങ്ങളെ സഹായിക്കട്ടെ,പ്രപഞ്ചത്തെ വിധിക്കുവാനായി വാനമേഘങ്ങളിൽ മഹത്വത്തോടുകൂടി വരുന്ന നിന്റെ പ്രിയപുത്രന്റെ സമക്ഷം ഞങ്ങൾക്ക് നീ കനിവോടെ സഹായമരുളനമേ,ഞങ്ങളെല്ലാവരും നിന്റെ സ്നേഹത്തിലും വിമലഹൃദയത്തിന്റെ സംരക്ഷണയിലും വളരുവാൻ ഈ പ്രാർത്ഥന ഞങ്ങളെ സഹായിക്കട്ടെ.ഈ നവാനാളിൽ സംബന്ധിച്ച എല്ലാവരെയും നീ പ്രത്യേകമായി അനുഗ്രഹിക്കണമേ.ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

## സമാപന ഗാനം

അമലോദ്ഭവയാം മാതാവേ നിൻ
പാവനപാദം ചേരുന്നു.
കനകാലയമേ,കന്യാംബെ
പരലോകത്തിൻ വാതില് നീ
കദനം തിങ്ങിയിതാ ഞങ്ങൾ നിറ
കണ്ണുകളോടെ കേഴുന്നു.
കരുണാനിറഞ്ഞൊരു നാഥേ നീ
വിരവോടു തൃക്കൺപാർക്കണമേ,
നിത്യമാനോഹര സൌഭാഗ്യം നിൻ
സുതനുടെ കനിവിനാൽ നേടിടാന്
സുതവത്സലയാം മാതാവേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി